ഉത്തരം

(എ , ബി) കൊല്ലം നഗരസഭയ്ക്ക്.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

ഗവൺമെന്റ് എൻ. ജി. ഒ. ക്വാർട്ടേഴ്സുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കണമെന്ന ആവശ്യം

74 [5053] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഒബ്സർവേറ്ററി കോമ്പൗണ്ടിലെ ഗവൺമെന്റ് എൻ.ജി.ഒ. ക്വാർട്ടേഴ്സുകൾക്ക് നേരെയുള്ള സാമൂഹ്യവിരുദ്ധ ശല്യവും പൊതുജനങ്ങൾ മാലിന്യങ്ങൾ ക്വാർട്ടേഴ്സ് പരിസരത്ത് നിക്ഷേപിക്കുന്നതും ഒഴിവാക്കാൻ ചുറ്റുമതിൽ നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഗണിച്ച് ചുറ്റുമതിൽ നിർമ്മിക്കുവാനും ക്വാർട്ടേഴ്സ് കോമ്പൗണ്ടിലെ റോഡ് ടാർ ചെയ്യുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്വാർട്ടേഴ്സ് സമുച്ചയത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി മേൽനടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മരാമത്ത് വകുപ്പിലെ എസ്. എൽ. ആർ. തൊഴിലാളികൾ

75 [5054] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, കെ. എ. ചന്ദ്രൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ എത്ര എസ്. എൽ. ആർ. തൊഴിലാളികളുണ്ട്;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവർ എസ്. എൽ. ആർ. തൊഴിലാളികളായി ജോലി ചെയ്യാൻ തുടങ്ങിയിട്ട് എത്ര കാലംവരെയായി എന്ന് പറയുമോ;

(ഡി) ഇവരെ സ്ഥിരപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 175.

(ബി)

തിരുവനന്തപുരം	..	18
ആലപ്പുഴ	..	32
കോട്ടയം	..	2
പത്തനംതിട്ട	..	1
കൊല്ലം	..	2
എറണാകുളം	..	5
തൃശ്ശൂർ	..	48
പാലക്കാട്	..	10
മലപ്പുറം	..	47
കോഴിക്കോട്	..	2
കണ്ണൂർ	..	8

(സി) 2/1991 മുതൽ 11/1999 വരെ എസ്. എൽ. ആർ.-മാരായി നിയമിച്ചിട്ടുള്ളവരാണ്.

(ഡി) സ്ഥിരപ്പെടുത്തുവാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ബ്ലൂപ്രിന്റർ ആയി പ്രമോട്ട് ചെയ്യുന്നതിന് പ്രസിദ്ധീകരിച്ച റാങ്ക്‌ലിസ്റ്റ്

76 [5055] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നമ്പർ ഇ.ബി.5-24259/9 തീയതി 11-6-1998 പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ബ്ലൂപ്രിന്റർ ആയി പ്രമോട്ട് ചെയ്യുന്നതിന് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്ററിൽനിന്നും എത്ര പേർക്ക് പ്രൊമോഷൻ വഴി നിയമനം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ബാക്കി എത്ര പേർക്ക് കൂടി ഇനിയും നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ലിസ്റ്റിൽ പേരുണ്ടായിട്ടും 5 വർഷമായിട്ടും ഇവർക്ക് നിയമനം ലഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഈ ലിസ്റ്റിലുള്ളവർക്ക് എന്നത്തേക്ക് നിയമനം നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) പ്രവർത്തനയോഗ്യമായ ബ്ലൂപ്രിന്റിംഗ് മെഷീനുകളുടെ അഭാവത്താൽ ആർക്കും നിയമനം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly